കലാകൗമുദി
1185 കുംഭം 26 2010 മാർച്ച് 10 ബുധൻ
പൂരാടം 24–02 ദശമി 18–58
1931 ഫാൽഗുനം 19 1431 റബി ഉൽ അവ്വൽ 22

വട്ടം ചുറ്റിക്കുന്ന സമരങ്ങൾ

വിദ്യാർത്ഥികൾക്ക് വാർഷിക പരീക്ഷ എന്നപോലെ സംസ്ഥാനത്ത് എവിടെയും ഉപരോധസമരങ്ങളുടെ സീസണാണിത്. ഏതു പ്രശ്നത്തിലും എളുപ്പം എടുത്ത് പ്രയോഗിക്കാവുന്ന ഒന്നായി മാറിയിട്ടുണ്ട് ഈ ഉപരോധ സമരമുറ. എതിർപ്പ് കേന്ദ്രനയങ്ങളോടാണെങ്കിൽ ഉപരോധം കേന്ദ്രസർക്കാർ ഓഫീസുകൾക്കെതിരെയായിരിക്കും. വില്ലൻ സ്ഥാനത്ത് സംസ്ഥാന സർക്കാരാണ് നിൽക്കുന്നതെങ്കിൽ കളക്ടറേറ്റുകളും താലൂക്ക് ഓഫീസുകളും ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ഓഫീസുകൾക്ക് മുന്നിലാണ് സമരവേദി. തിരുവനന്തപുരത്താണെങ്കിൽ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് തന്നെ ഉപരോധിച്ച് കൂടുതൽ ശ്രദ്ധ പിടിച്ചുപറ്റാം. ഇതിനൊന്നും പാങ്ങില്ലാത്തവരാണ് റോഡുകൾ ഉപരോധിച്ച് ജനത്തെ മണിക്കൂറുകളോളം പെരുവഴിയിലാക്കുന്നത്.

വിലക്കയറ്റത്തിനെതിരെ സംസ്ഥാനത്ത് സി.പി.എം ആരംഭിച്ച അഞ്ചുദിവസത്തെ ഉപരോധ സമരത്തിന് പോസ്റ്റോഫീസുകൾ ഉൾപ്പെടെയുള്ള കേന്ദ്ര ഓഫീസുകളാണ് വേദിയായിരിക്കുന്നത്. കൂട്ടത്തിൽ ഇപ്പോൾ കേന്ദ്ര സ്ഥാപനമല്ലാതായിക്കഴിഞ്ഞ ബി.എസ്.എൻ.എൽ ഓഫീസുകളുടെ മുന്നിലും ഉപരോധം നീണ്ടുചെന്നിരിക്കുന്നു. അതിനെതിരെ പരാതി ഹൈക്കോടതിയിലുമെത്തിയിട്ടുണ്ട്. ഉപരോധംമൂലം സർക്കാർ ഓഫീസുകൾക്കോ അവിടെ ജോലി ചെയ്യുന്നവർക്കോ പ്രത്യേകിച്ച് നഷ്ടമൊന്നും വരാനില്ല. എന്നാൽ, അത്യാവശ്യ കാര്യങ്ങൾക്കായി ഈ ഓഫീസുകളുടെ സേവനം തേടേണ്ടിവരുന്ന പൊതുജനങ്ങൾക്ക് ഇത്തരം സമരമുറകൾ വലിയ ബുദ്ധി മുട്ടുകളാണ് ഉണ്ടാ ക്കുന്നത്. നഗരത്തിലെ പ്രധാന പോസ്റ്റോഫീസിന്റെ പ്രവർത്തനം തുടർച്ചയായി ഒരാഴ്ചക്കാലം സ്തംഭിക്കാനിടയാവുന്നത് വലിയ കഷ്ടനഷ്ടങ്ങൾക്കിടയാക്കും. ഉപരോധസമരംകൊണ്ട് പോസ്റ്റോഫീസ് പ്രവർത്തനം തടസപ്പെടുത്താമെന്നല്ലാതെ പ്രത്യേക നേട്ടമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഉപരോധത്തിന് കേന്ദ്ര ഓഫീസുകൾ തിരഞ്ഞെടുക്കുമ്പോൾ ജനങ്ങൾക്ക് പല കാര്യങ്ങൾക്കുമായി നിത്യവും ആശ്രയിക്കേണ്ടിവരുന്ന പോസ്റ്റോഫീസുപോലുള്ള സ്ഥാപനങ്ങൾ ഒഴിവാക്കുന്നത് വലിയ അനുഗ്രഹമായിരിക്കും.

തിരുവനന്തപുരത്ത് നിയമസഭാ സമ്മേളനം ആരംഭിച്ചതിനെത്തുടർന്ന് ഉച്ചകഴിയുംവരെ പ്രധാന റോഡുകൾ സമരക്കാർ കൈയടക്കുന്നതുമൂലം വിവിധ ആവശ്യങ്ങൾക്കായി നഗരത്തിലെത്തുന്നവർ തലങ്ങും വിലങ്ങും ഓടേണ്ട സ്ഥിതിയാണുള്ളത്. സെക്രട്ടേറിയറ്റിനു മുൻവശം സ്ഥിരം സമരവേദിയാണ്. നിയമസഭാ സമ്മേളനം തുടങ്ങിക്കഴിഞ്ഞാൽ നാടിന്റെ നാനാഭാഗങ്ങളിൽനിന്നെത്തുന്ന വലുതും ചെറുതുമായ സംഘടനകൾ നയിക്കുന്ന മാർച്ചും ഉപരോധവുംകൊണ്ട് നഗരം അക്ഷരാർത്ഥത്തിൽ വീർപ്പുമുട്ടുന്നു. ഗതാഗതം തടഞ്ഞുകൊണ്ടുള്ള പ്രകടനങ്ങളും സമരമുറകളും കോടതികൾ നിരോധിച്ചിട്ടുള്ളതാണെങ്കിലും സംഘടിത ശക്തികൾക്ക് മുന്നിൽ അതൊന്നും വിലപ്പോവില്ലെന്നാണ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ജപ്പാൻ കുടിവെള്ള പദ്ധതിക്കായി വെട്ടിക്കുഴിച്ചിട്ടിരിക്കുന്ന റോഡുകൾ നേരത്തേ തന്നെ വലിയ ഗതാഗതസ്തംഭനത്തിന് കാരണമായിരുന്നു. കൂട്ടത്തിൽ ഗതാഗതം മുടക്കുന്ന സമരങ്ങൾ കൂടിയായപ്പോൾ നഗരവാസികൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയായി. ആവശ്യങ്ങൾ നേടാനും സർക്കാർ നയങ്ങൾക്കെതിരെ പ്രതിഷേധിക്കാനും സംഘടനകൾക്ക് അവകാശമുള്ളതുപോലെ പൊതുനിരത്തുകളിൽ തടസമില്ലാതെ സഞ്ചരിക്കാൻ പൊതുജനങ്ങൾക്കും അവകാശമുണ്ട്. ഭരണഘടന ഉറപ്പുചെയ്യുന്ന ഈ മൗലികാവകാശങ്ങളെ നിഷേധിച്ചുകൊണ്ടുള്ളതാണ് പ്രക്ഷോഭമെന്ന പേരിൽ ഇന്നിവിടെ അരങ്ങേറുന്ന സമരങ്ങളിൽ അധികവും.

വഴിവിട്ട പ്രേമം പ്രതികാരമായപ്പോൾ

കാമുകകീചകന്മാരും തൊട്ടാവാടികളും 6

പ്രേമവും കാമവും, പ്രതികാരവും എല്ലാം ഇണ ചേർന്ന് കിടക്കുന്ന ഒരു ദാരുണാന്ത്യത്തിന്റെ കഥയാണ് ഹൈറേഞ്ചിന് പറയാനുള്ളത്.

എസ്സ്. എം. എസ്സും മിസ്ഡ് കാളും ഒന്നുമല്ല ആ സംഭവത്തിൽ വില്ലനായത്. തനിക്കില്ലെങ്കിൽ പിന്നാർക്കും വേണ്ടയെന്ന ക്രൂരമായ ചിന്തയാണ് ആ പതിനെട്ടുകാരിയുടെ ജീവനെടുത്തത്.

മറയൂർ പ്രിയദർശിനി കോളനിയിൽ പത്ത്‌വീട്ടിൽ സരസ്വതി – അറുമുഖം ദമ്പതികളുടെ മകളാണ് ദീപ. സുന്ദരിക്കുട്ടി, പ്ലസ് ടൂ വിദ്യാർഥിനി. വീട്ടുകാരുടെ ഓമലാൾ, കൂട്ടുകാർക്കും പ്രിയങ്കരി. പഠനത്തിലും അത്ര മോശമല്ല. അതിനാൽ അവളെ എത്ര കഷ്ടപ്പെട്ടും കൂടുതൽ പഠിപ്പിക്കണം എന്ന ഒറ്റ മോഹമേ അച്ഛനും അമ്മയ്ക്കും ഉണ്ടായിരുന്നുള്ളു. ഇരുവരും കൂലിപ്പണിക്കാരായതിനാൽ സാമ്പത്തിക പ്രശ്നങ്ങൾ ധാരാളമായിരുന്നു. തമിഴ്നാട്ടിൽ കൂലിപ്പണിക്കാരനാണ് പിതാവ് അറുമുഖം. സരസ്വതി നാട്ടിലും. ഇടയ്ക്ക് പഠനം മുടങ്ങുമെന്ന അവസ്ഥ വന്നിട്ടും ഒരു തരത്തിലാണ് അവളെ പഠിപ്പിച്ചിരുന്നത്. കാര്യങ്ങൾ തട്ടിയും മുട്ടിയും മുന്നോട്ടു പോകുകയായിരുന്നു, ഇക്കഴിഞ്ഞ ബുധനാഴ്ച വരെ.

അന്ന് എന്ത് സംഭവിച്ചു.

അന്ന് ഉച്ചയ്ക്കാണ് ആ സുന്ദരിക്കുട്ടിയെ വീടിന്റെ പിന്നിൽ തലയ്ക്കടിയേറ്റ് മരിച്ച നിലയിൽ കണ്ടത്. ജോലി കഴിഞ്ഞ് ഉച്ചയോടെ മടങ്ങി വന്നതാണ് സരസ്വതി. ഊണുകഴിക്കണം. പിന്നെയൊന്ന് വിശ്രമിക്കണം. മകളെ പേരെടുത്ത് വിളിച്ചിട്ടും വിളി കേൾക്കുന്നില്ല. മറയൂരിലെ ഒരു പാരലൽ കോളേജ് വിദ്യാർത്ഥിനിയായിരുന്നു ആ പതിനെട്ട് കാരി. കോളജിൽ പോയിക്കാണുമെന്നാണ് ആദ്യം കരുതിയത്. പിന്നീടാണ് ഒരു മിന്നൽ പോലെ ആ അമ്മ ഓർത്തത്, ഫീസ് നൽകാൻ കഴിയാത്തതിനാൽ അന്ന് അവൾ കോളജിൽ പോയിട്ടില്ലല്ലോയെന്ന് . അടുത്ത ദിവസം ഫീസ് നൽകിയശേഷമേ ഇനി പഠിക്കാൻ പോകുന്നുള്ളുയെന്ന് പറഞ്ഞ് അവൾ വഴക്കുണ്ടാക്കിയ കാര്യവും സരസ്വതി ഓർത്തു. ഇനി അവൾ വല്ല കടുംകൈയ്യും..... പിന്നെ അവർ തിരച്ചിലാരംഭിച്ചു. അപ്പോഴാണ് തന്റെ കുഞ്ഞിനെ തലയിൽ നിന്ന് ചോരവാർന്ന് ഒഴുകുന്ന നിലയിൽ വീടിന്റെ പിന്നിൽ കണ്ടത്. ഓടിച്ചെന്ന് മൂക്കിൽ കയ്യ് വച്ച് നോക്കിയപ്പോൾ ശ്വാസമില്ല. ഒരലർച്ചയോടെയാണ് ആ അമ്മ ആ യാഥാർഥ്യം ഉൾക്കൊണ്ടത്. പിന്നെ ചുറ്റും നോക്കി. അപ്പോഴാണ് പിന്നിലെ തിണ്ണയിൽ അരകല്ലിന് സമീപം വച്ചിരുന്ന അമ്മിക്കല്ലിൽ ചോര പറ്റി ഈച്ചയാർക്കുന്നു. തന്റെ മകൾ തലയ്ക്കടിയേറ്റ് മരിച്ചുവെന്ന സത്യം ഉൾക്കൊള്ളാൻ അവർ അല്പം സമയം എടുത്തു. ബോധമറ്റു വീണ അവരെ അയൽക്കാർ ശുശ്രൂഷിച്ചു. തമിഴ്നാട്ടിൽ ജോലിയെടുക്കുന്ന പിതാവിനെ വിവരം അറിയിക്കാൻ അയൽക്കാർ തയ്യാറെടുത്തു. പൊലീസെത്തി, പ്രേതവിചാരണ നടത്തി, തെളിവുകൾ ശേഖരിച്ചു. സ്ഥലം പരിശോധിച്ചു, അമ്മിക്കല്ല് എടുത്ത് ശാസ്ത്രീയ പരിശോധനയ്ക്ക് അയയ്ക്കാൻ ഏർപ്പാടാക്കി... ഇത്തരം നിരവധി കൊലപാതകങ്ങളും മരണങ്ങളും മറ്റും കണ്ട പൊലീസിന് ഇതും അത്തരമൊരു കൊല മാത്രം.

അന്വേഷണം തുടങ്ങി. മണിക്കൂറുകൾ കഴിയും മുൻപ് അവർക്ക് കൊലയാളിയെപ്പറ്റി സൂചന ലഭിച്ചു. പിന്നിൽ അയൽവാസി തന്നെ. പിന്നെ ആ വഴിക്കായി അന്വേഷണം.

ദീപ

എസ്സ്. എം. എസ്സും മിസ്ഡ് കാളും ഒന്നുമല്ല ഈസംഭവത്തിൽ വില്ലനായത്. തനിക്കില്ലെങ്കിൽ പിന്നാർക്കും വേണ്ടയെന്ന ക്രൂരമായ ചിന്തയാണ് ദീപ എന്ന പതിനെട്ടുകാരിയുടെ ജീവനെടുത്തത്.

ഒരു കാമുകന്റെ പ്രതികാരം

തങ്കരാജ്. കെട്ടിട നിർമ്മാണ തൊഴിലാളിയാണ്, തൊട്ടയൽ വാസിയാണ്. ഈ ഇരുപത്തഞ്ചുകാരന് കാര്യമായ വിദ്യാഭ്യാസം ഇല്ല. പെൺകുട്ടിയുടെ വീടും യുവാവിന്റെ വീടുമായി 20 മീറ്റർ അകലം മാത്രമാണുള്ളത്. അതിനാൽ അവളെ തങ്കരാജ് ദിവസവും കണ്ടിരുന്നു. സംസാരിച്ചിരുന്നു. അവളെ സ്വന്തമാക്കണമെന്ന മോഹം അവന്റെ ഉള്ളിൽ എപ്പോഴോ മൊട്ടിട്ടിരുന്നു. എന്നാൽ അവൾക്ക് തങ്കരാജിനെ ഇഷ്ടമായിരുന്നില്ല. അവൻ സംസാരിക്കാൻ എത്തുമ്പോഴൊക്കെ ഒഴിഞ്ഞുമാറുമായിരുന്നു. എന്നാൽ അവൻ വിടുമായിരുന്നില്ല. തന്നെ കല്യാണം കഴിക്കണമെന്നാവശ്യപ്പെട്ടുള്ള ശല്യം നിരന്തരമായി. ശല്യം സഹിക്കവയ്യാതെയായി. അവൾ അമ്മയോട് വിവരം പറഞ്ഞു. ഇഷ്ടമല്ലെന്ന് അവൾ പറഞ്ഞിട്ടും തങ്കരാജ് വഴങ്ങിയില്ല. അവൻ പലപ്പോഴും ജോലിക്കു പോലും പോകാതെ അവളുടെ പിന്നാലെ കൂടി. ഇക്കാരണം കൊണ്ട് ചില ദിവസങ്ങളിൽ അവൾക്ക് പഠിക്കാൻ പോകാൻ പോലും കഴിയാതായി. ഒരു ദിവസം അവൻ നേരിട്ട് ദീപയുടെ വീട്ടിലെത്തി സരസ്വതിയോട് കാര്യം പറഞ്ഞു. എന്നാൽ അവൾ പഠിക്കുകയാണെന്നും കൂടുതൽ പഠിത്തമുള്ള ആർക്കെങ്കിലുമേ അവളെ വിവാഹം ചെയ്ത് നൽകുകയുള്ളുവെന്നും അവർ തുറന്നു പറഞ്ഞു. അതോടെ ആ ശല്യം തീർന്നതായും അവർ കരുതി.

തങ്കരാജ്

എന്നാൽ ഇതോടെ അവൻ പ്രതികാര ദാഹിയാകുകയായിരുന്നു. ഇനി അവളെ മറ്റൊരാൾക്കൊപ്പം ജീവിക്കാൻ അനുവദിക്കില്ലെന്ന ഉറച്ച തീരുമാനത്തിലായിരുന്നു ആ ക്രൂരൻ.

അങ്ങനിരിക്കെയാണ് അവന് ഒരു ദിവസം വന്നു കിട്ടിയത്.

അവൻ അന്ന് ജോലിക്കു പോയിരുന്നില്ല. ദീപയോടുള്ള പ്രതികാരം കത്തിക്കയറുന്ന മനസ്സുമായി അവൻ അടുത്ത വീട്ടിൽ എത്തി. അപ്പോഴാണ് അവൻ അത് അറിഞ്ഞത്, അവൾ അന്ന് പഠിക്കാൻ പോയിട്ടില്ല. അവൻ അകത്തു കയറി. തന്നോടൊപ്പം ഇറങ്ങിവരാൻ അയാൾ ആവശ്യപ്പെട്ടു. ഇത് നിരസ്സിച്ചതിനെ തുടർന്ന് മൽപ്പിടുത്തമായി. മാനഭംഗപ്പെടുത്തുനുള്ള ശ്രമമായിരുന്നു ഇതെന്നും പറയപ്പെടുന്നു. കുതറി ഓടാൻ ശ്രമിച്ച അവളെ അവൻ കൂടുതൽ കരുത്തോടെ പിടിച്ചു. തന്റെ മാനം പോകുമെന്ന് മനസ്സിലാക്കിയ അവൾ അവനെ കുടഞ്ഞിട്ടു, ഇറങ്ങി ഓടാൻ ശ്രമിച്ച ദീപയെ അവൻ ചവിട്ടി നിലത്തിട്ടു, ഓടാതിരിക്കാൻ കാൽ കൊണ്ട് ചവിട്ടിപ്പിടിച്ചു. തുടർന്ന് അരകല്ലിന് സമീപം ഒരു കൈപ്പാടകലെ ഇരുന്ന അമ്മിക്കല്ലിന്റെ പിള്ളക്കല്ലെടുത്ത് തലയ്ക്ക് അടിക്കുകയായിരുന്നു. ഇക്കാര്യം അവൻ തന്നെ പൊലീസിനോട് സമ്മതിച്ചതാണ്. ഇത് സംബന്ധിച്ച് അമ്മയുടെയും അയൽവാസികളുടെയും മൊഴികൾ പൊലീസ് ശേഖരിച്ചിരുന്നു. ഇഷ്ടമല്ലെന്ന് പറഞ്ഞിട്ടും ശല്യപ്പെടുത്തൽ തുടരുകയായിരുന്നുവെന്നും കല്യാണം കഴിച്ചില്ലെങ്കിൽ കൊല്ലുമെന്ന് നേരത്തെ ഭീഷണിപ്പെടുത്തിയിരുന്നതായും അമ്മ ഡിവൈ. എസ്. പി പി. വി. ചാക്കോയ്ക്ക് മൊഴി നൽകിയിട്ടുണ്ട്

അരുംകൊല കഴിഞ്ഞും അവൻ സമീപ പ്രദേശങ്ങളിൽ ചുറ്റിക്കറങ്ങി, താനാണ് കൊലയാളി എന്ന് പൊലീസ് സംശയിക്കും വരെ. കൊലപാതക വിവരം പുറത്തറിഞ്ഞതോടെ, തന്നെ പൊലീസ് സംശയിക്കുന്നുണ്ടെന്ന് മനസ്സിലായതോടെയാണ് അവൻ മുങ്ങിയത്. എന്നാൽ ഇതാണ് കൂടുതൽ സംശയത്തിന് ഇടനൽകിയതെന്ന് ഡിവൈ. എസ്. പി പി. വി. ചാക്കോ പറഞ്ഞു. കൊലപാതകത്തിനുശേഷം തങ്കരാജിനെ കാണാതായതിനെ തുടർന്ന് പൊലീസ് തിരഞ്ഞുവരികയായിരുന്നു. തങ്കരാജ് അടിമാലിയിലുണ്ടെന്ന് മറയൂർ എസ്. ഐ. പി.കെ. വിജയന് വിവരം ലഭിച്ചതിനെ തുടർന്ന് അടിമാലി ബസ് സ്റ്റാന്റിൽ നിന്നും ഇയാളെ പിടികൂടുകയായിരുന്നു.

പ്രേമത്തിന്റെയും പ്രതികാരത്തിന്റെയും കഥ ഉണ്ടാക്കിയ ഞെട്ടൽ ദിവസങ്ങൾ പലതു കഴിഞ്ഞിട്ടും മാറിയിട്ടില്ല. കാമുകിയെ മരണത്തിലേക്കയക്കുന്ന യമദൂതന്മാർ ഇനിയുമുണ്ട് ഈ ലോകത്തിൽ. അത്തരക്കാരെ എങ്ങനെ തിരിച്ചറിയാൻ. ...

പ്രേമത്തിന്റെയും പ്രതികാരത്തിന്റെയും കഥ ഉണ്ടാക്കുന്ന ഞെട്ടൽ മാറുന്നില്ല. കാമുകിയെ മരണത്തിലേക്കയക്കുന്ന യമദൂതന്മാർ ഇനിയുമുണ്ട് ഈ ലോകത്തിൽ. അത്തരക്കാരെ എങ്ങനെ തിരിച്ചറിയാൻ. ...

(അവസാനിച്ചു)

2010–11 കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ

ശമ്പളവരുമാനക്കാരുടെ നികുതിബാദ്ധ്യത



ഡോ. എം. ശാർങ്ഗധരൻ

2010–11 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് കേന്ദ്ര ധനമന്ത്രി പ്രണബ് മുഖർജി പാർലമെന്റിൽ അവതരിപ്പിച്ചുകഴിഞ്ഞു. ഗ്രാമീണരുടെയും കൃഷിക്കാരുടെയും ഉന്നമനത്തിന് ഊന്നൽനൽകിയുള്ള നിർദ്ദേശങ്ങളുണ്ടെന്ന നിലയിൽ ജനക്ഷേമകരമായ ബഡ്ജറ്റാണിതെന്ന ഒരു വാദമുണ്ട്. മറിച്ച്, വിലക്കയറ്റം രൂക്ഷമാകാൻ പാകത്തിൽ പെട്രോൾ – ഡീസൽ വില ഉയരുന്നത് പ്രതിഷേധവും വരുത്തിവച്ചിരിക്കുന്നു. എന്നാൽ, ആദായനികുതിയിൽ കാര്യമായ കുറവ് അനുവദിച്ചതുമൂലം ഉണ്ടാകുന്ന നഷ്ടം നികത്താനാണ് പരോക്ഷ നികുതിയിലൂടെ പെട്രോൾ – ഡീസൽ ഇനങ്ങളിൽ വിലവർദ്ധന വരുത്തിയതെന്ന് സ്പഷ്ടം.

ആദായനികുതിദായകരുടെ എണ്ണം വർദ്ധിപ്പിക്കുകയും അവരുടെ നികുതി ബാദ്ധ്യത കുറയ്ക്കുകയും ചെയ്യുക എന്ന തന്ത്രമാണ് ധനമന്ത്രി കൈക്കൊണ്ടിരിക്കുന്നത്. അതായത് സോഷ്യലിസം നടപ്പിൽവരുത്തുന്ന പ്രക്രിയയിൽ 'അയലുതഴപ്പതിന്നതിപ്രയത്നം നയമറിയും നരൻ ആചരിച്ചിടേണം' എന്ന ഗുരുവചനം പ്രായോഗികമാക്കിയിരിക്കുന്നു. ഉള്ളവൻ ഇല്ലാത്തവനെ കഴിവനുസരിച്ച് പിന്തുണയ്ക്കുക എന്ന ഈ പ്രായോഗികസിദ്ധാന്തത്തിൽ ഇടനില വരുമാനക്കാർ കുറഞ്ഞ നിരക്കിലും ഉയർന്ന വരുമാനക്കാർ ഉയർന്ന നിരക്കിലുമുള്ള പിന്തുണ നൽകുന്നു. ഇതുവഴി സമാഹരിക്കുന്ന തുക ജനക്ഷേമത്തിനുവേണ്ടി പൊതുവായി വിനിയോഗിക്കപ്പെടും.

1,60,000 രൂപയ്ക്കുമേൽ വരുമാനമുള്ളവർ 300000 രൂപ വരെ 10 ശതമാനം നിരക്കിൽ നികുതി നൽകുക എന്നത് 1,60,000 രൂപ മുതൽ 500000 രൂപ വരെ വരുമാനമുള്ളവർ 10 ശതമാനം നിരക്കിൽ നികുതി അടച്ചാൽ മതിയെന്ന നിലയിൽ മാറ്റം വരുത്തി.

3 ലക്ഷത്തിനുമേൽ 5 ലക്ഷം രൂപ വരെ 20 ശതമാനം എന്ന നിലവിലുള്ള നിരക്ക് 5 ലക്ഷത്തിനുമേൽ 8 ലക്ഷം രൂപ വരെ 20 ശതമാനം എന്ന ഏറെ ആശ്വാസപ്രദമായ നിരക്കിലേക്ക് മാറ്റി ശുപാർശ ചെയ്തിരിക്കുന്നു.

5 ലക്ഷം രൂപയ്ക്കുമേൽ 30 ശതമാനം എന്ന നികുതിനിരക്ക് വരും വർഷത്തിൽ എട്ട് ലക്ഷം രൂപയ്ക്കുമേൽ വരുമാനമുള്ളവരെ മാത്രമേ ബാധിക്കൂ എന്ന തരത്തിലാക്കി എന്നതാണ് ഇതുമായി ബന്ധപ്പെട്ട മറ്റൊരു സവിശേഷ നിർദ്ദേശം.

ഇപ്പോൾ നിലവിലുള്ള നികുതിബാദ്ധ്യതയോടൊപ്പം 3 ശതമാനം വിദ്യാഭ്യാസ സർച്ചാർജ് മാറ്റമില്ലാതെ തുടരും. 80 സി വകുപ്പ് പ്രകാരം പ്രോവിഡന്റ് നിക്ഷേപം, ലൈഫ് ഇൻഷ്വറൻസ് പ്രീമിയം, മ്യൂച്വൽ ഫണ്ട് നിക്ഷേപം, ഭവനവായ്പാ മുതൽ തുക, മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ട്യൂഷൻ ഫീസ് തുടങ്ങിയ ഇനങ്ങളിൽ പരമാവധി ഒരുലക്ഷം രൂപ വരെ നികുതി ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കിയത് അതേപടി തുടരും. എന്നാൽ ഈ ഇനത്തിൽ 20,000 രൂപയുടെ അധിക നികുതി ഇളവിന് പുതിയ ഒരു നിർദ്ദേശം ധനമന്ത്രി നടത്തിയിട്ടുണ്ട്. അത് അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയുള്ള ബോണ്ടിലെ നിക്ഷേപത്തിനു മാത്രമായാണ്.

ഇപ്പോൾ നടത്തിയിട്ടുള്ള നികുതി നിർദ്ദേശങ്ങളെ ആസ്പദമാക്കി 10 ലക്ഷം രൂപ വരെ ശമ്പളവരുമാനമുള്ളവരുടെ നികുതി ബാദ്ധ്യതാപട്ടികയിൽ നിന്ന് അറിയാം.

പട്ടികയിൽ കൊടുത്തിരിക്കുന്ന മൊത്തം വരുമാനം തൊഴിൽ നികുതി കുറച്ചുള്ളതാണ് എന്നും ശ്രദ്ധിക്കുക. ഒപ്പം 80 സി വകുപ്പ് പ്രകാരമുള്ള ഒരുലക്ഷം രൂപ വരെ മാത്രം കണക്കിലെടുത്തുള്ള ആസൂത്രണമാണ് പട്ടികയിലെ വിവരണത്തിന് അടിസ്ഥാനമെന്നതും ഓർക്കുക.

ശമ്പളവരുമാനക്കാരുടെ ആദായനികുതി ബാദ്ധ്യത 2010 – 11 ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ (അസസ്മെന്റ് വർഷം 2011 – 12)

മൊത്തം വരുമാനം	80സി നിക്ഷേപം	നികുതി ബാദ്ധ്യത ഉള്ള വരുമാനം	നികുതി തുക	വിദ്യാഭ്യാസ സെസ്സ്
രൂപ	രൂപ	രൂപ	രൂപ	രൂപ
3,00,000	1,00,000	2,00,000	4,000	120
4,00,000	1,00,000	3,00,000	14,000	420
5,00,000	1,00,000	4,00,000	24,000	720
6,00,000	1,00,000	5,00,000	34,000	1020
7,00,000	1,00,000	6,00,000	54,000	1620
8,00,000	1,00,000	7,00,000	74,000	2220
9,00,000	1,00,000	8,00,000	94,000	2820
10,00000	1,00,000	9,00,000	1,24,000	3,720
വനിതാ നികുതിദായകർ				
3,00,000	1,00,000	2,00,000	1000	30
4,00,000	1,00,000	3,00,000	11,000	330
5,00,000	1,00,000	4,00,000	21,000	630
6,00,000	1,00,000	5,00,000	31,000	930
7,00,000	1,00,000	6,00,000	51,000	1530
8,00,000	1,00,000	7,00,000	71,000	2130
9,00,000	1,00,000	8,00,000	91,000	2730
10,00,000	1,00,000	9,00,000	1,21,000	3330

പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന നികുതി ബാദ്ധ്യതയിൽ മുതിർന്ന പൗരന്മാരായ നികുതിദായകർക്ക് 2,40,000 രൂപ വരെ നികുതി ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

വർഷാരംഭത്തിൽത്തന്നെ വസ്തുതകൾ വ്യക്തമായി മനസിലാക്കി നികുതി ബാദ്ധ്യത തിട്ടപ്പെടുത്തി ഓരോ മാസവും നികുതിത്തുക കുറവു ചെയ്യണം. വർഷാവസാനം ഭീമമായ തുക നികുതി അടയ്ക്കേണ്ടിവരുമെന്നത് ഈവിധമുള്ള ആസൂത്രണത്തിലൂടെ ഒഴിവാക്കാനുമാകും.